**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3841**

**21/06/2019 ലെ മറുപടിയ്ക്ക്**

**എസ്.എൽ.ഐ. പോളിസികൾ**

| **ചോദ്യം** | | **മറുപടി** |
|---|---|---|
| **ശ്രീ.എം. സ്വരാജ്** | | **ഡോ: ടി. എം.തോമസ് ഐസക്**<br>ധനകാര്യവും കയറും വകുപ്പമന്ത്രി |
| **എ** | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിലവിൽ എത്ര എസ്.എൽ.ഐ. പോളിസികൾ ഉണ്ടെന്ന് അറിയിക്കുമോ; | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിലെ രജിസ്റ്ററുകളുടെ ഡാറ്റാ എൻട്രി നടത്തിയതിൽ നിന്നും 9 ലക്ഷത്തോളം എസ്.എൽ.ഐ പോളിസികൾ ഉള്ളതായി കണക്കാക്കുന്നു. ശമ്പളവിതരണ ഉദ്യോഗസ്ഥരുടേയും ജീവനക്കാരുടേയും സഹായത്തോടു കൂടിയുള്ള വിവരശേഖരണം പൂർത്തിയാകുന്നതോടുകൂടി വ്യക്തമായ കണക്ക് ലഭ്യമാകുന്നതാണ്. |
| **ബി** | ഇവയിൽ എത്ര പോളിസികളുടെ പ്രീമിയം ഒടുക്കൽ വിവരങ്ങൾ ശമ്പളവിതരണ ഉദ്യോഗസ്ഥർ മുഖേന ശേഖരിച്ചുവെന്ന് അറിയിക്കുമോ; | മേൽപ്പറഞ്ഞ പോളിസികളിൽ ശമ്പള വിതരണ ഉദ്യോഗസ്ഥർ മുഖേന പ്രീമിയം ഒടുക്കൽ വിവരങ്ങൾ ശേഖരിച്ച പോളിസികളുടെ എണ്ണം 4,32,000 ആണ്. |
| **സി** | ഈ വിവരങ്ങൾ പൂർണ്ണമായി ശേഖരിക്കുന്ന പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ? | ശമ്പള വിതരണ ഉദ്യോഗസ്ഥർ മുഖേന എസ്.എൽ.ഐ പോളിസികളുടെ പ്രീമിയം ഒടുക്കൽ വിവരങ്ങൾ ശേഖരിക്കുന്നത് 01/05/2018 മുതൽ നിർത്തി വച്ചിരിക്കുകയാണ്. വകുപ്പിന്റെ നിലവിലുള്ള സോഫ്റ്റ് വെയർ പരിഷ്കരിക്കുന്ന മുറയ്ക്ക് മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ പുനരാരംഭിക്കുകയും പൂർത്തിയാക്കുകയും ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ